# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂലൈ 20 | ദീപം 56 | നാളം 20 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കരൾപിളർത്തും കാഴ്ചകളിലൂടെ...



ജോസ് കെ. മാണി എം. പി.

**മണിപ്പൂർ കലാപബാധിതപ്രദേശങ്ങളിൽ തോമസ് ചാഴികാടൻ എം.പി.യോടൊപ്പം സന്ദർശനം നടത്തിയ ജോസ് കെ.മാണി എം.പി. അവിടത്തെ ദുരിതക്കാഴ്ചകൾ ദീപനാളം വായനക്കാരുമായി പങ്കുവയ്ക്കുന്നു.**













മണിപ്പൂർ അശാന്തിയുടെ പിടിയിലമർന്നിട്ടു രണ്ടുമാസത്തിലേറെയായിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള വെറും സംഘർഷമോ ഏറ്റുമുട്ടലുകളോ അല്ല മണിപ്പൂരിനെ കൊലക്കളമാക്കി മാറ്റിയത്. ഇന്ത്യാ വിഭജനകാലത്തു നടന്നതിനു സമാനമായ ആസൂത്രിതവംശഹത്യയെ ഓർമപ്പെടുത്തുന്ന സംഭവങ്ങളാണ് ഗോത്രഭൂമികയെ ചുടലക്കളമാക്കി മാറ്റിയത്.

മണിപ്പൂരിലെ ഭൂരിപക്ഷ മെയ്തെയ് ഗോത്രവർഗവിഭാഗത്തിന് സംവരണാനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് അവരെ പട്ടികവർഗമായി പ്രഖ്യാപിക്കാൻ സംസ്ഥാനസർക്കാരിനു നിർദേശം നൽകിക്കൊണ്ടുള്ള മണിപ്പൂർ ഹൈക്കോടതിയുടെ വിധിക്കു പിന്നാലെയാണ് മണിപ്പൂരിൽ പ്രശ്നങ്ങൾ ആരംഭിച്ചത്. ഏതെങ്കിലും ഒരു വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കാൻ സർക്കാരിനു നിർദേശം നൽകാൻ കോടതികൾക്കുള്ള അധികാരം സംബന്ധിച്ച് വലിയ ചർച്ചകളാണ് ഉയർന്നുവന്നത്. ഇക്കാര്യത്തിൽ കോടതിക്കു സംഭവിച്ച പിഴവ് കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടിയില്ലെന്നും വേണ്ട ജാഗ്രത ഇക്കാര്യത്തിൽ പുലർത്തിയില്ലെന്നുമുള്ള ആക്ഷേപങ്ങളും സജീവചർച്ചയായി.

1972 ൽ മണിപ്പൂർസംസ്ഥാനം രൂപീകരിച്ചതു മുതൽ ഗോത്രവിഭാഗങ്ങൾ തമ്മിൽ വലുതും ചെറുതുമായ പ്രശ്നങ്ങൾ നിലനിന്നിരുന്നു. രണ്ടായിരാമാണ്ടിന്റെ ആരംഭംവരെ ഇന്ത്യയിലെ പ്രശ്നബാധിതപ്രദേശമായിരുന്നു മണിപ്പൂർ. രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ തന്ത്രപ്രധാനമായ ഒരു മേഖലയാണ് ഇന്ത്യയിലെ വടക്കു - കിഴക്കൻ സംസ്ഥാനങ്ങൾ. രാജ്യത്തെ സപ്തസുന്ദരികൾ എന്നാണ് അവ അറിയപ്പെടുന്നത്. ഈ പ്രദേശങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളെ ഏറെ ജാഗ്രതയോടെ വേണം ഭരണകൂടങ്ങൾ സമീപിക്കേണ്ടത്. കേന്ദ്രസർക്കാരിന് ഈ ജാഗ്രതക്കുറവുണ്ടായി എന്ന ആക്ഷേപം വ്യാപകമായി മണിപ്പൂരിലെ സംവരണവിഷയവുമായി ബന്ധപ്പെട്ട് ഉയർന്നുവരികയുണ്ടായി.

▶3

# മതസ്വാതന്ത്ര്യവും വ്യക്തിനിയമങ്ങളും ഭരണഘടനാതത്ത്വങ്ങൾ അട്ടിമറിക്കപ്പെടുമ്പോൾ



പ്രഫ. റോണി കെ. ബേബി

ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് ആണെന്നു ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നു. മതവൈവിധ്യങ്ങളുടെയും ബഹുസ്വരതകളുടെയും ആഘോഷമാണ് ഭരണഘടനയുടെ ആമുഖത്തിൽ വിവക്ഷിക്കുന്ന മതേതരത്വം എന്ന ദർശനം. ഭരണഘടനയിലെ മൗലികാവകാശങ്ങളുടെ പട്ടികയിലെ 25 മുതൽ 28 വരെയുള്ള നാലു വകുപ്പുകൾ പൗരന്മാർക്കു മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ആർട്ടിക്കിൾ 25 ഇങ്ങനെ പറയുന്നു: "എല്ലാ ആളുകൾക്കും മനഃസാക്ഷിസ്വാതന്ത്ര്യത്തിനും, സ്വതന്ത്രമായി മതത്തിൽ വിശ്വസിക്കുന്നതിനും, ആചരിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും ഒരുപോലെ അവകാശം ഉള്ളതാകുന്നു". ഇവിടെ 'ആചരിക്കുന്നതിനും' എന്നു പറയുന്നത് അവരവരുടെ വിശ്വാസരീതി പിന്തുടരുന്നതിനും അത് അനുശാസിക്കുന്ന നിയമങ്ങളും കീഴ്വഴക്കങ്ങളും പിന്തുടരുന്നതിനുമുള്ള അവകാശമാണ്. ഇന്ത്യയിൽ മതസ്വാതന്ത്ര്യവും ആചാരങ്ങളുമായി ബന്ധപ്പെട്ട ഏതൊരു ചർച്ചയും മതങ്ങളുമായി ബന്ധപ്പെട്ട വ്യക്തിനിയമങ്ങളുമായിക്കൂടി കെട്ടുപിണഞ്ഞുകിടക്കുകയാണ്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മതേതരത്വത്തെക്കുറിച്ച് പ്രഗല്ഭ അഭിഭാഷകനായ ഡോ. രാജീവ് ധവാൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "ഇന്ത്യയിൽ ഭരണഘടനാപരമായ മതേതരത്വത്തിനു മൂന്നു ഘടകങ്ങളുണ്ട്. ഒന്നാമതായി, വിശ്വാസത്തിനു മാത്രമല്ല, ഒരു മതത്തിന്റെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുംകൂടി സംരക്ഷണം നൽകുന്ന മതസ്വാതന്ത്ര്യം. രണ്ടാമതായി, സാമ്പത്തികമായും അല്ലാതെയുമുള്ള സഹായങ്ങളടക്കമുള്ള ഭരണകൂട ഇടപെടലുകൾക്കു തടയിടാത്ത മതനിരപേക്ഷത. മൂന്നാമതായി, ചില വിശ്വാസാചാരങ്ങളെ സാമൂഹികനീതി ഉറപ്പുവരുത്തുംവിധം നവീകരിക്കുക". ഇവ മൂന്നും ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രധാന ലക്ഷ്യമായി അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

വിശ്വാസാചാരങ്ങളെ/വ്യക്തിനിയമങ്ങളെ സാമൂഹികനീതി ഉറപ്പുവരുത്തുംവിധം നവീകരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മതസ്വാതന്ത്ര്യത്തിലെ രാഷ്ട്രത്തിന്റെ ഇടപെടൽതന്നെയാണ്. ഈ ഇടപെടലിനുള്ള അവകാശം മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന 25 ന്റെ ഉപവകുപ്പായ 25 (2) ൽ ഭരണഘടന രാഷ്ട്രത്തിനു നൽകുന്നുണ്ട്. 25 (2) ഇപ്രകാരം പറയുന്നു: 'ഈ അനുച്ഛേദത്തിലെ യാതൊന്നും മതാചരണത്തോടു ബന്ധപ്പെട്ടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതേതരമായ മറ്റ് ഏതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ; സാമൂഹികക്ഷേമത്തിനും സാമൂഹികപരിഷ്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമതസ്ഥാപനങ്ങൾ എല്ലാ ഇനത്തിലും വിഭാഗത്തിലും പെട്ട ഹിന്ദുക്കൾക്കും തുറന്നുകൊടുക്കുന്നവിധം വ്യവസ്ഥ ചെയ്യുന്നതോ; ആയ നിലവിലുള്ള ഏതെങ്കിലും നിയമം നിർമിക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല'.

▶12

# കണ്ണീർമഴയിൽ നനഞ്ഞ്...

1-ാം പേജ് തുടർച്ച

സംവരണവിഷയത്തിലെ സർക്കാർനീക്കങ്ങളുമായി ബന്ധപ്പെട്ട് ന്യൂനപക്ഷവിഭാഗത്തിൽ ഉൾപ്പെടുന്ന ഗോത്രസംഘടനകൾ 2023 മേയ് 3 പ്രതിഷേധദിനമായി ആചരിക്കാൻ തീരുമാനിച്ചു. തികച്ചും സമാധാനപരമായും ജനാധിപത്യപരമായും ആഹ്വാനം ചെയ്ത പ്രതിഷേധദിനാചരണമായിരുന്നു അത്. ആ പ്രതിഷേധപരിപാടികളുടെ ഒരുക്കങ്ങൾ നടക്കുന്നതിനിടയിലാണ് വലിയൊരു ഗൂഢാലോചനയുടെ ഫലമായി വംശഹത്യ മണിപ്പൂരിൽ അരങ്ങേറിയതെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്.

മണിപ്പൂരിലെ കുന്നിൻപ്രദേശങ്ങളിൽ അധിവസിക്കുന്ന കുക്കി ഗോത്രവിഭാഗത്തിലെ ബഹുഭൂരിപക്ഷവും ക്രൈസ്തവമതവിശ്വാസികളാണ്. താഴ്‌വരപ്രദേശങ്ങളിലുള്ളവർ മെയ്തെയ് വിഭാഗത്തിലുള്ളവരും. കുക്കി ഗോത്രവിഭാഗക്കാർ പടുത്തുയർത്തിയ ആരാധനാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതര കച്ചവട - സാംസ്കാരിക സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത് ഇംഫാലടക്കമുള്ള മണിപ്പൂരിലെ കുന്നിൻതാഴ്‌വര പ്രദേശങ്ങളിലാണ്.

2023 മേയ് മാസം മൂന്നിന് കുക്കി ഗോത്രവിഭാഗം ആഹ്വാനം ചെയ്ത പ്രതിഷേധദിനത്തിൽ എതിർചേരിയിലെ അക്രമിസംഘം ഇംഫാൽമേഖലയിലെ ക്രൈസ്തവാരാധനാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതര നിർമിതികളും കുക്കിഗ്രാമങ്ങളും ഭവനങ്ങളും പൂർണമായും ഇല്ലായ്മ ചെയ്തു. മറ്റൊന്നിനും നേർക്ക് ആക്രമണങ്ങൾ നടന്നില്ല. ക്രൈസ്തവവിശ്വാസികളുടെ ആരാധനാലയങ്ങളും സ്ഥാപനങ്ങളും നിർമിതികളും ഭവനങ്ങളും മാത്രമാണു തകർക്കപ്പെട്ടത്. തകർക്കപ്പെട്ടവ ഇനിയൊരിക്കലും പുനർനിർമിക്കരുത് എന്ന കൃത്യമായ ലക്ഷ്യത്തോടെയുള്ള ആസൂത്രിതാക്രമണങ്ങളാണ് അവിടെയെല്ലാം നടന്നത്. എന്നാൽ, ചിലയിടങ്ങളിലെ ക്രൈസ്തവ ദൈവാലയങ്ങളോടു ചേർന്നാണ് അവിടത്തെ സ്കൂളുകൾ പ്രവർത്തിക്കുന്നത്. ആ സ്കൂളുകളിൽ പഠിക്കുന്നവരിൽ 90 ശതമാനവും മെയ്തെയ് വംശജരുടെ മക്കളാണ്. അങ്ങനെയുള്ള സ്കൂളുകളിൽ അക്രമിസംഘം പ്രവേശിച്ചില്ല. ഇതിൽനിന്നുതന്നെ കൃത്യമായ പ്ലാനിങ്ങോടെയാണ് ഈ അക്രമപ്രവർത്തനങ്ങളെല്ലാം നടന്നത് എന്ന കാര്യം വ്യക്തമാണ്. ചിലയിടങ്ങളിൽ ആയിരത്തോളം ആളുകളും മറ്റു ചിലയിടങ്ങളിൽ രണ്ടായിരത്തോളം വരുന്ന ജനക്കൂട്ടവും സംഘടിച്ചെത്തി ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിച്ച് നിർമിതികളെല്ലാം തവിടുപൊടിയാക്കുകയായിരുന്നു.

ഈ തകർക്കൽപ്രക്രിയ നിർബാധം തുടരുമ്പോൾ സ്വാഭാവികമായും അവിടെയുള്ളവർ സഹായത്തിനായി വിളിക്കുന്നത് പോലീസിനെയും മറ്റ് അധികൃതരെയുമാണ്. ആരും ഈ അക്രമികളെ തടയാനോ സഹായിക്കാനോ എത്തിയില്ല. മാത്രമല്ല, അക്രമിസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു തടസ്സവുമുണ്ടാകാൻ പാടില്ലെന്ന ബോധപൂർവമായ ജാഗ്രത പുലർത്തിയാണ് പോലീസും ഭരണസംവിധാനങ്ങളും നിലപാടെടുത്തതെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്. അക്രമിസംഘങ്ങളെ പ്രതിരോധിക്കാൻ എത്തുന്നവരെയാണ് അവർ തടഞ്ഞതും സ്ഥലത്തുനിന്നു നീക്കിയതും. അക്രമിസംഘങ്ങൾക്ക് അഴിഞ്ഞാടാൻ കഴിയുംവിധം അവർക്കു ചുറ്റിനും സംരക്ഷണവലയമൊരുക്കുകയാണ് പൊലീസും ഇതര സർക്കാർ സംവിധാനങ്ങളും ചെയ്തത്.

ഇങ്ങനെ 2023 മേയ് 3, 4 ദിവസങ്ങളിലായി മണിപ്പൂരിലെ താഴ്‌വരപ്രദേശങ്ങളിലുള്ള ക്രൈസ്തവാരാധനാലയങ്ങളും വൈദികപരിശീലനകേന്ദ്രങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും കുക്കി ഗോത്രവിഭാഗക്കാർ മാത്രം നടത്തുന്ന വാണിജ്യ വ്യവസായ നിർമിതികളും പൂർണമായും ഇല്ലായ്മചെയ്തു. കുക്കികൾ അധിവസിക്കുന്ന ഗ്രാമങ്ങളും അവിടെയുള്ള ഭവനങ്ങളും സമ്പൂർണമായും തിരഞ്ഞുപിടിച്ച് അടയാളപ്പെടുത്തി നശിപ്പിക്കുകയാണുണ്ടായത്.ഏകദേശം ഒരു ലക്ഷത്തോളമാളുകൾക്ക് താഴ്‌വരകൾ വിട്ട് കുന്നിൻപ്രദേശത്തേക്കും അയൽസംസ്ഥാനമായ മിസോറാമിലേക്കും പലായനം ചെയ്യേണ്ടിവന്നു. ക്രൈസ്തവരുടെ 250 ൽപ്പരം ആരാധനാലയങ്ങളും ആയിരക്കണക്കിനു ഭവനങ്ങളുമടക്കമുള്ള ഇതര നിർമിതികളും സ്ഥാപനങ്ങളുംമാത്രമാണ് ഈ രണ്ടു ദിവസങ്ങളിലായി തുടച്ചുനീക്കിയത്. ഇപ്പോഴും അതു തുടരുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഞാൻ, തോമസ് ചാഴിക്കാടൻ എം പിയുമൊത്ത് മണിപ്പൂരിലെത്തിയത്.

ആദ്യം സന്ദർശിച്ചത് ഇംഫാൽ ആർച്ചുബിഷപ് ഡോ. വൈ. ഡൊമിനിക്ക് ലുമോൺ പിതാവിനെയാണ്. ഒരു ജനത അനുഭവിക്കുന്ന കൊടുംക്രൂരതകൾ വിങ്ങുന്ന മനസ്സോടെയാണ് അദ്ദേഹം തുറന്നുകാട്ടിയത്. പിതാവിന്റ ഓരോ വാക്കിലും നിറഞ്ഞുനിന്ന വേദന അദ്ദേഹത്തിന്റെ മുഖത്തും ശരീരഭാഷയിലും വ്യക്തമായിരുന്നു. സമത്വത്തോടെയുള്ള വിഭവവിഭജനവും വികസനപ്രക്രിയയും ഒരു വിഭാഗത്തിനു നിഷേധിക്കപ്പെടുന്നതിന്റെ അപകടാവസ്ഥയെക്കുറിച്ചാണ് ഏറെ ഉത്കണ്ഠയോടെ അദ്ദേഹം സംസാരിച്ചു തുടങ്ങിയത്. മണിപ്പൂരിലെ ജനത എന്നതിനു പകരം വേർതിരിവുകളോടെയുള്ള സമീപനവും ഒരു വിഭാഗത്തിനു മാത്രമുള്ള പരിഗണനയും തുടരുന്നതിലുള്ള ആശങ്കയാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞുനിന്നത്. കുന്നിൻപ്രദേശങ്ങൾ അവികസിതമേഖലകളായി നിലനിൽക്കുന്നുണ്ടെന്നും എല്ലാവരെയും ഉൾക്കൊണ്ട് ഭരണസംവിധാനങ്ങൾ മുന്നോട്ടുപോയില്ലെങ്കിൽ മണിപ്പൂരിൽ ശാശ്വതസമാധാനം ഉണ്ടാകില്ലെന്നുമുള്ള ഭയപ്പാട് അദ്ദേഹം പങ്കുവച്ചു. മനുഷ്യർ തമ്മിൽ സഹവർത്തിത്വവും സമുദായസൗഹാർദവും വളരുന്നതിനു തടസ്സം നിൽക്കുന്നവർ സംഘർഷം വളർത്താനുള്ള പരിശ്രമങ്ങൾ മണിപ്പൂരിന്റെ മണ്ണിൽ നടത്തുന്നുണ്ടെന്ന യാഥാർഥ്യവും അദ്ദേഹം വരച്ചുകാട്ടി. രത്നങ്ങളുടെ നാടാണ് മണിപ്പൂരെന്നും പോളോ എന്ന കളി ഉടലെടുത്തതും ലോകമാകെ പ്രചരിച്ചതും മണിപ്പൂരിൽനിന്നാണെന്നും അദ്ദേഹം പറഞ്ഞു. സുഭാഷ് ചന്ദ്ര ബോസിന്റെ ഇന്ത്യൻ ആർമിയുടെ ഹെഡ്ക്വാർട്ടേഴ്സ് മണിപ്പൂരിലായിരുന്നു എന്നു പറഞ്ഞ പിതാവിന്റെ മുഖത്ത് ദേശസ്നേഹം ജ്വലിക്കുന്നതു കാണാൻ കഴിഞ്ഞു. വിട്ടുവീഴ്ചയില്ലാത്ത നീതിയും വേർതിരിവുകളില്ലാത്ത നിയമവാഴ്ചയുംകൊണ്ടു മാത്രമേ മണിപ്പൂരിനെ സമാധാനത്തിലേക്കു കൊണ്ടുവരാൻ കഴിയൂ എന്ന് ബിഷപ് ഡൊമിനിക്ക് ലുമോൺ അടിവരയിട്ടു പാറഞ്ഞു. ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കാൻ പോവുകയാണ് എന്നു പറഞ്ഞപ്പോൾ വളരെ കരുതലും സുരക്ഷയും ഉറപ്പാക്കണമെന്ന നിർദേശമാണ് അദ്ദേഹം നൽകിയത്. സാഹോദര്യവും സമത്വവും സ്വാതന്ത്ര്യവും പുലരുന്ന മണിപ്പൂരിനായി കേരളം ഒന്നടങ്കം പ്രാർഥിക്കണമെന്ന അഭ്യർഥനയും അദ്ദേഹത്തിൽനിന്നുമുണ്ടായി.

പിന്നീടു പോയത്, മണിപ്പൂരിലെ സെയ്തു നിയമസഭാനിയോജകമണ്ഡലത്തിലെ എം.എൽ എ ആയ കിപ്ഗനുമായി കൂടിക്കാഴ്ച നടത്തുന്നതിനാണ്. ഏറ്റവും കൂടുതൽ അക്രമസംഭവങ്ങൾ ഉണ്ടായ ഒരു പ്രദേശത്തെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്. മുമ്പ് ബി.ജെ.പി ന്യൂനപക്ഷമോർച്ചയുടെ ദേശീയ നേതാവായിരുന്ന കിപ്ഗൻ ഇപ്പോൾ സ്വതന്ത്ര എം.എൽ.എ ആയിട്ടാണ് പൊതുജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. മണിപ്പൂരിൽ നടക്കുന്നത് ഒരു വിഭാഗത്തെ മാത്രം ഉന്നംവച്ചുള്ള ക്രൂരമായ വംശഹത്യയാണെന്ന് ഉറപ്പിച്ചുപറയുകയാണ് കിപ്ഗൻ. തനിക്കു പരിചിതരായ അനേകം കുടുംബങ്ങൾ നിശേഷം തകർക്കപ്പെട്ടതും ഒട്ടേറെ ആളുകൾക്കു ജീവൻ നഷ്ടപ്പെട്ടതും വേദനയോടെ അദ്ദേഹം വിശദീകരിച്ചു. സ്ത്രീകളും കുട്ടികളുമടക്കം അനേകർ അതിക്രൂരമായ ഉപദ്രവങ്ങൾക്ക് ഇരയായെന്നും കാണാതായ ഒട്ടേറെ ആളുകളെക്കുറിച്ച് യാതൊരു വിവരവുമില്ലെന്നും അദ്ദേഹം പറഞ്ഞു. മണിപ്പൂരിലെ സ്ഥിതി അതീവഗുരുതരമാണെന്നും ഇതരസംസ്ഥാനങ്ങളിലേക്കുകൂടി കലാപം ബാധിക്കുമോ എന്ന ആശങ്കയുണ്ടെന്നും അദ്ദേഹം അറിയിച്ചു. പശ്ചിമബംഗാൾ സംസ്ഥാനത്തെ ഡാർജിലിങ്ങ് മേഖലയിൽ ഗൂർഖകൾക്ക് സ്വയംഭരണാധികാരം നൽകിയതുപോലെ കുക്കി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ഭരണസംവിധാനം നിലവിൽ വന്നെങ്കിൽ മാത്രമേ ഒരു ജനതയ്ക്ക് സമാധാനത്തോടെ ജീവിക്കാനാവൂ എന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിന്റെ വീടിന്റെ തൊട്ടുപിറകിലുള്ള ദുരിതാശ്വാസക്യാമ്പും ഞങ്ങൾ സന്ദർശിച്ചു. കിപ്ഗൻ എം.എൽ.എയും കുക്കി സംഘടനാനേതാക്കളും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു.

സംഗായി പ്രോയിലെ സെന്റ് പോൾസ് പള്ളി നിശേഷം തകർന്നുകിടക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ഗ്യാസ് സിലിണ്ടർ ഉപയോഗിച്ചാണ് ഇവിടെയും തകർത്തത്. ഈ ദൈവാലയത്തോടുചേർന്ന പാസ്റ്ററൽ സെന്ററും ലൈബ്രറിയും ഹോസ്റ്റലും പൂർണമായി തകർക്കപ്പെട്ടു. കാഞ്ചീപോരിലെ ഹോളി റെഡിമർ പള്ളിയുടെ സ്ഥിതിയും ഇതുതന്നെയായിരുന്നു. ഇത്തരത്തിൽ വലുതും ചെറുതുമായ 250 തിലധികം ക്രൈസ്തവാരാധനാലയങ്ങളും സ്ഥാപനങ്ങളും തകർക്കപ്പെട്ടിട്ടുള്ളതായി ഒപ്പം വന്ന പുരോഹിതർ പറഞ്ഞു. ക്രൈസ്തവർ അധിവസിക്കുന്ന ഗ്രാമങ്ങളെയും ഭവനങ്ങളെയും അവർ നടത്തുന്ന സ്ഥാപനങ്ങളെയും അവരുടെ ഉടമസ്ഥതയിലുള്ള നിർമിതികളെയും പ്രത്യേകം അടയാളപ്പെടുത്തിക്കൊണ്ടുള്ള സമാനരീതിയിലുള്ള തകർക്കൽ പ്രക്രിയയാണ് എവിടെയും നടന്നതെന്ന് പുരോഹിതർ അടിവരയിട്ടു പറഞ്ഞു. പുനർനിർമാണമോ പുനരുദ്ധാരണമോ ഇനി നടക്കരുതെന്ന കൃത്യമായ അജണ്ടയോടെയാണ് ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിച്ച് ചെറിയ നിർമ്മിതികൾപ്പോലും തകർക്കപ്പെട്ടത്. ഇതിന് ഭരണകൂടസംവിധാനങ്ങളുടെ പൂർണമായ പിന്തുണയും സംരക്ഷണവും അക്രമകാരികൾക്കു ലഭിച്ചു എന്നതാണ് ആശങ്ക ഉയർത്തുന്ന യാഥാർഥ്യം.

പിന്നീടു ഞങ്ങൾ പോയത്, അഭയാർഥിക്യാമ്പുകളിലേക്കായിരുന്നു. ആ യാത്രകളിൽ എന്താണ് മണിപ്പൂരിൽ നടക്കുന്നതെന്ന കൃത്യമായ ചിത്രം ഞങ്ങൾക്കു ലഭിക്കുകയുണ്ടായി. കുക്കി അഭയാർഥിക്യാമ്പുകളായി പ്രവർത്തിക്കുന്ന ഇടങ്ങളിലേക്കു പോകുന്ന റോഡുകളിൽ അർദ്ധസൈനികവിഭാഗങ്ങളെ വിന്യസിച്ചിട്ടുണ്ട്. ഇവർ നാടിനു കാവലൊരുക്കുകയോ, കലാപം തടയുകയോ, കലാപകാരികളെ അമർച്ചചെയ്യുകയോ ചെയ്യുന്ന ജോലി അല്ല നിർവഹിക്കുന്നത്. കുക്കി അഭയാർഥിക്യാമ്പുകളിൽ ഭക്ഷണമോ വെള്ളമോ വസ്ത്രങ്ങളോ മരുന്നോ ഉൾപ്പെടെയുള്ള യാതൊന്നും ആരും കൊണ്ടുപോകുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന വിധത്തിലാണ് ഇവർ പ്രവർത്തിക്കുന്നത്. മെയ്തെയ് വിഭാഗക്കാരുടെ ചെക്ക്പോസ്റ്റുകൾ നിമവിരുദ്ധമായി അവിടെ പ്രവർത്തിക്കുന്നുണ്ട്.



*മണിപ്പൂരിലെ വിവിധ ദുരിതാശ്വാസക്യാമ്പുകൾ എം.പി. മാരായ ജോസ് കെ.മാണിയും തോമസ് ചാഴികാടനും സന്ദർശിക്കുന്നു.*

ശേഷം 8-ാം പേജിൽ

കഥ


# മൂന്നിന്റെയന്ന്



റ്റോം ജോസ് തഴുവംകുന്ന്

“ഹലോ അങ്കിളേ... എന്തായി?”

‘‘തീർച്ചയായും നീയെത്തണം. പ്രതീക്ഷയില്ലെന്നുറ



പ്പിച്ചു... മണിക്കൂറുകൾ മാത്രമാണ് ബാക്കിയെന്നാണ് ഡോക്ടർ പറയുന്നത്. ഈ മണിക്കൂറുകളാകട്ടെ, നിന്റെ വരവിനായുള്ള ഒരു ‘നീട്ടിവയ്ക്കൽ’ മാത്രമാണെന്നാണ് കരുതാനാകുന്നത്!”

“എന്റെയങ്കിളേ... ഇതല്ലേ രണ്ടുമൂന്നു ദിവസമായി പറഞ്ഞുകൊണ്ടിരിക്കുന്നത്? എന്നിട്ട് ഒന്നുമായില്ലല്ലോ!”

‘‘അതുപോലല്ല മോനേ, സംഗതി സീരിയസാ... എത്തിയേ തീരൂ... എത്തണം... കഴിയുമെങ്കിൽ എല്ലാവരും! ഇനിയൊരു വരവിൽ അർഥമില്ലല്ലോ... ഈയവസരം പാഴാക്കരുത്...”

“അങ്കിളെന്താ ഈ പറയുന്നേ... ആർക്കും ലീവില്ലാത്ത നേരമാ... പിള്ളേർക്കാണെങ്കിൽ മത്സരപ്പരീക്ഷകളുടെ കാലം...”

‘‘ഇതൊന്നും പറഞ്ഞിട്ടു കാര്യമില്ല. കണ്ണുതുറന്നാൽ നിന്റെ കാര്യമാ തിരക്കുന്നത്. എത്തിയോയെന്ന ചോദ്യത്തിന് ഞങ്ങളെന്തു പറയും... സങ്കടം കണ്ടുനിൽക്കാനാകുന്നില്ല... ഹാർട്ടിന്റെ പമ്പിങ് കുറയുന്നെന്നാ ഡോക്ടർ പറയുന്നേ... ഒപ്പം, പൾസിന്റെ റേറ്റും താഴുന്നു... ബി.പി. യും കുറയുകയാണ്... ശ്വാസമെടുക്കുമ്പോൾ ഒരു വിമ്മിട്ടം കാണുന്നു... നിന്നെ പ്രതീക്ഷിച്ചുള്ള ജീവന്റെ ഒരു പിടിച്ചുനിർത്തലാണ് ആശുപത്രിക്കാർ ചെയ്യുന്നതെന്നാ പറയുന്നത്. ഡോക്ടർ കൂടക്കൂടെ നീയെത്തിയോയെന്നു ചോദിക്കുന്നുണ്ട്... ആകെ ഒരങ്കലാപ്പിലാണ് എല്ലാവരും... സമയം കളയാനില്ല... നീയെത്തണം. ഇനിയൊരു വിളിക്കായി കാത്തിരിക്കരുത്... അത് ഒരു പക്ഷേ...”

“ഇല്ലങ്കിളേ... എത്താൻ ശ്രമിക്കാം... ഞാനെത്തിയാലും മൂന്നിന്റെയന്ന് ഇങ്ങുപോരും... അങ്ങനെയൊരുറപ്പിലാണ് ഞാനെത്തുക... വരവ് വെറുതെയാകില്ലെന്ന് അങ്കിളിന്റെ സംസാരത്തിൽനിന്നു തിരിച്ചറിയാനാകുന്നുണ്ട്... ഓക്കെ!”

കിടക്കയ്ക്കു ചുറ്റും ആളേറുകയാണ്; നിരാശയുടെയും സങ്കടത്തിന്റെയും അടക്കിപ്പിടിച്ച സംസാരമാണ്... ഈ അച്ചായൻ അവനെ എങ്ങനെ കൊണ്ടുനടന്നതാ... ഇല്ലാത്ത കാലത്തും അവന്റെ കാര്യത്തിൽ ഇല്ലായ്മയില്ലായിരുന്നു... അച്ചായൻ വിശപ്പറിയുമ്പോഴും അവനതറിഞ്ഞിട്ടില്ല... അഞ്ചുവയസ്സിലേ അവന്റെ അമ്മ പോയതാണെന്നോർക്കണമെന്ന് ആരോ പറയുന്നതു കേട്ടു... നന്നേ ചെറുപ്പമായിരുന്നെങ്കിലും അച്ചായൻ അവനുവേണ്ടി ജീവിക്കുകയായിരുന്നു... ഓടിയതും ഓടിത്തളർന്നതും അവനുവേണ്ടി മാത്രമായിരുന്നു. അവനിതൊന്നും ഓർക്കാതിരിക്കുന്നതിൽ സർവർക്കും അമർഷം. അവനോടു പോകണ്ടായെന്ന് എല്ലാവരും പറഞ്ഞതാ... ബുദ്ധിമുട്ടുകാലമൊക്കെ കഴിഞ്ഞ് അച്ചായൻ മകനുള്ളതെല്ലാം സമ്പാദിച്ചിരുന്നു. എല്ലാമിട്ടെറിഞ്ഞുള്ള അവന്റെ പോക്കിൽ അച്ചായൻ തളർന്നു.

കുഞ്ഞിലേ അവൻ അസുഖക്കാരനായിരുന്നു. അടുത്ത് ആശുപത്രിയില്ലെങ്കിലും, കൈയിൽ പണമില്ലെങ്കിലും അവന്റെ ആരോഗ്യം അച്ചായനു പ്രധാനമായിരുന്നു. ഇമ വെട്ടാതെ അവന്റെയരികിൽ കൂട്ടിരുന്ന കാലം പലരും ഓർത്തെടുത്തു. ഇന്ന് അച്ചായന് ഉള്ളുതുറക്കാൻ ആരുമില്ലാതായി... കൂട്ടിനു മകൻ നൽകിയത് ഇതരഭാഷക്കാരിയായ ഹോംനേഴ്സിനെയാണ്; അതുകൊണ്ടുതന്നെ, മിണ്ടാട്ടം നന്നേ കുറഞ്ഞു... ഹൃദയഭാരം ശരീരത്തെയാകമാനം തളർത്തി. അപ്പോഴും അവന്റെ വിളി വന്നിരുന്നു. അപ്പന് ഒരു കുറവും ഉണ്ടാകരുതത്രേ! പക്ഷേ, മകന്റെ അസാന്നിധ്യം തീർത്ത ശൂന്യത അപ്പനെ രോഗിയാക്കി.

നീരസത്തോടെയുള്ള ചർച്ചകൾക്കിടയിൽ ആരോ വന്നു പറഞ്ഞു: “അവരെത്തി.”

കേട്ടതേ നഴ്സ് പറഞ്ഞു: “അച്ചായന്റെ മകനും കുടുംബവും എത്തീട്ടോ.”

ശരീരമാകെയൊന്ന് ഇളകി അയാൾ കണ്ണുതുറന്നു: “മോനേ...” മൗനം വാചാലമായി... നിറകണ്ണുകൾ സ്നേഹത്തിന്റെ നീർച്ചാലൊഴുക്കി... ആർദ്രതയുടെ അകംപൊരുളിൽനിന്ന് അപ്പന്റെ മുഖപ്രസാദം മറനീക്കി കടന്നുവന്നു. സംസാരങ്ങൾ ഔഷധക്കൂട്ടുകളായി മാറിയ നേരം.

“എന്നെയൊന്ന് എഴുന്നേൽപ്പിക്കാവോ?”

ചുറ്റും നിന്നവർ അമ്പരന്നു. അയാൾ കട്ടിലിൽ എഴുന്നേറ്റിരുന്നു. ആശുപത്രിമുറിയിൽ മരുന്നിന്റെ ഗന്ധം മാറി സ്നേഹത്തിന്റെ സുഗന്ധം നിറഞ്ഞനേരം!

ഡോക്ടർ പറഞ്ഞു: എന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ച് ഒരു മകൻ അച്ഛനെ മരണത്തിൽനിന്നു ജീവനിലേക്ക് കൈപിടിച്ചുയർത്തിയിരിക്കുന്നു. ഇത് എന്റെ ചികിത്സാവഴിയിൽ അദ്ഭുതം തീർത്തിരിക്കുന്നു. ലോകത്തോടു പറയാൻ ചില വിശേഷങ്ങൾ ബാക്കിയായിരിക്കുന്നു. ഈ ഉണർവു തുടർന്നാൽ മൂന്നുദിവസങ്ങൾക്കകം ഡിസ്ചാർജ് ചെയ്യാമെന്നും ഡോക്ടർ പറഞ്ഞു.

മൂന്നിന്റെയന്നുള്ള മടക്കമെന്ന് അങ്കിളിനോടു പറഞ്ഞത് ഇതായിരിക്കുമോ? ഊന്നുവടിയും ഹോംനഴ്സും മാറിനിന്ന് കാഴ്ചക്കാരായി. മക്കളുടെ കൈപിടിച്ച് അച്ചായൻ ആശുപത്രി ഇടനാഴിയിലൂടെ നടന്നുനീങ്ങുന്നത് ഏവരും അദ്ഭുതത്തോടെ നോക്കിനിന്നു. മൂന്നിന്റെയന്നുമില്ല. ഇനിയൊരു മടക്കവുമില്ലെന്ന് മക്കൾ... തിരിച്ചറിവിന്റെ നേരം!

■

കവിത

കെ. കെ. പടിഞ്ഞാറപ്പുറം

# നിധി

സ്ഥിതിസമത്വമെത്ര ധന്യധർമം
ക്ഷിതിയതു സഫലീകരിക്കുന്നു സത്യം
പ്രകൃതിയോ കർമമാക്കുന്നു നിത്യം
പ്രശോഭനപ്രസാദനമ്രയാം സമത്വം

പ്രാണവായുവും കാറ്റും വെയിലും നിലാവും
പ്രസരണപ്രിയരായേവർക്കുമേകുന്നു
സഹർഷസമ്മോഹനസമർപ്പിതരായ്
സമത്വകാന്തി ചിന്തുന്നു സദാ

മനുഷ്യൻ ഹാ! എത്ര മനോഹരപദം
മന്നിനു മഹിതമഹിമയുണർത്തുന്നോർ
പ്രത്യയശാസ്ത്രം പഠിച്ചു പ്രസംഗങ്ങളിൽ
സമത്വസ്ഥിതിക്കു ജീവനേകുന്നു.

പ്രവൃത്തിയിലാക്കാനാവാതെ - വായ്ത്താരി
പ്രഘോഷണവിപ്ലവത്തിൽ
രാഷ്ട്രീയക്കാർ മുന്നേറുന്ന നാട്ടിൽ
രമ്യസ്ഥിതി സമത്വം മിഥ്യാമിന്നലായ് പൊലിയുന്നു

മണ്ണും വിണ്ണുമാകാശതാരങ്ങളെന്നും
മഹത്ത്വമാം സമഭാവന പുലർത്തുവോർ
മലരുകൾ മണവും നിറവും ഭംഗിയും
മാലോകർക്കേകും ധർമധന്യർ.

മഴയും പുഴയും മലകളും മരുക്കളും
മനോജ്ഞസമത്വസംവാഹകർ
ചിരിയില്ലെങ്കിലും തുല്യസ്ഥിതി കർമ
ചാരുതാചൈതന്യധർമശീലർ

ഇസമതു സമത്വവ്യവസ്ഥിതി സുഖം
ഈ വിശ്വത്തിനാകെ വിമോഹനമെങ്കിലും
ഇന്നോയിടനെഞ്ചുപൊട്ടി കണ്ണീർതൂവി- മണ്ണിൽ
ഇടംകിട്ടാതെയലയുന്നുവല്ലോ.

മന്നിലൊരിടത്തു മാത്രം സ്ഥിതിസമത്വം
മന്നവനും യാചകനുമിവിടെ തുല്യർ
ശ്മശാനമാമാത്മവിദ്യാലയത്തിലൊരേ
ശയ്യാതലത്തിനാറടിമണ്ണുകിട്ടിയാലും
ജഡമായനുഭവിക്കുന്നു സമത്വസ്ഥിതി
ജരാനര പിടിക്കാത്ത സമഭാവനാനിധി.

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# പിറന്നാൾ



ഒരു പദത്തിലെ സാമ്യമുള്ള അക്ഷരങ്ങൾ ആവർത്തിക്കുമ്പോൾ അവയിലൊന്ന് ലോപിക്കുന്ന പ്രവണത എല്ലാ ഭാഷകളിലും ഉണ്ട്. ഇതിന് സമാക്ഷരലോപം അഥവാ ‘Haplology’ എന്നു പറയുന്നു. ഒറ്റ എന്നർത്ഥമുള്ള ഗ്രീക്കുവാക്കിൽനിന്നാണ് ഹാപ്‌ലോളജി എന്ന സംജ്ഞയുടെ ഉദ്ഭവം. അതനുസരിച്ച്, Library-libary; കുപ്പപ്പാട് - കുപ്പാട് എന്നിങ്ങനെ രൂപഭേദങ്ങൾ സംജാതമാകുന്നു.

പിറന്ന നാൾ (ജന്മദിനം) പിറന്നാൾ ആകുന്നതിന്റെ പിന്നിലും ഇതേ നയമാണു പ്രവർത്തിക്കുന്നത്. “പിറന്ന നാൾ ചേർത്തു പറയുമ്പോൾ ‘ന്നനാൾ’ ന്നാൾ (ന - ലോപം) എന്നാകുന്നു. അങ്ങനെ പിറന്നാൾ അഥവാ ജന്മനാൾ ശരിയാകുന്നു.* പിറന്നാൾ സ്വരപ്പൊരുത്തത്താൽ (Vowel Harmony)പുറന്നാൾ ആകുമെങ്കിലും അതിനെ മാനകരൂപമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ പിറന്നാൾ മാത്രം ശരി.

പിറന്നാൾ അല്ല പിറനാൾ ആണു ശരി എന്നൊരു പക്ഷം ചില വൈയാകരണന്മാർക്കുണ്ട്. പിറ + നാൾ = പിറനാൾ. പിറക്കുക എന്ന ക്രിയയുടെ ധാതുവായ ‘പിറ’ യോടാണല്ലോ നാൾ ചേരുന്നത്. പൂർവപദം കേവല ധാതുവായി വർത്തിക്കുമ്പോൾ നാൾ എന്നതിലെ നകാരം ഇരട്ടിക്കേണ്ടതില്ല. അപ്പോൾ ശരിയായ സമസ്തപദം പിറനാൾ എന്നാകുന്നു. ഇരട്ടിപ്പില്ല സംഹിതമാത്രം എന്നു ചുരുക്കം.

ഈ നിരീക്ഷണത്തിന് വ്യാകരണത്തിന്റെ പിൻബലമുണ്ട്; സംശയമില്ല. പക്ഷേ, ഭാഷയിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന വർണവികാരങ്ങൾ വ്യാകരണത്തിന്റെ കേവലയുക്തിയിൽ മാത്രം നിൽക്കണമെന്നില്ലല്ലോ! നൂറു വൈയാകരണന്മാർ ഒത്തുചേർന്നു വാദിച്ചാലും പിറന്നാളിനെ മാറ്റി പിറനാളിനെ സ്ഥിരീകരിക്കാനാവുമോ? അങ്ങനെയെങ്കിൽ, ഭാഷാശാസ്ത്രയുക്തികളോടു ചേർന്നുനിൽക്കുന്ന പിറന്നാളിനെ അംഗീകരിക്കുകയല്ലേ സമീചീനം?

* കൃഷ്ണൻനായർ, കുളത്തൂർ, പ്രഫ. തെറ്റരുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, 2023, പുറം - 126.

# നാലാമനാവാൻ ചന്ദ്രയാൻ-3



ഡോ. റ്റീന മാത്യു

1966 ഫെബ്രുവരി മൂന്നിന് സോവിയറ്റ് യൂണിയൻ, അതേ വർഷം ജൂൺ രണ്ടിന് അമേരിക്ക, 2013 ൽ ചൈന ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിംഗ് (നിയന്ത്രിതമായി പേടകം ഇറക്കുക) നടത്തുകയെന്ന വലിയ കടമ്പ ഇന്നേവരെ മറികടന്നത് മൂന്നു രാജ്യങ്ങൾമാത്രം. ആ നിരയോടു ചേർന്ന് നാലാമനാവാനുള്ള ഇന്ത്യൻസ്വപ്നവും വഹിച്ച്, ശാസ്ത്രലോകം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചന്ദ്രദൗത്യം ചന്ദ്രയാൻ -3 ജൂലൈ 14 ന് ഉച്ചകഴിഞ്ഞ് 2.55 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ വിക്ഷേപണകേന്ദ്രത്തിൽനിന്നു കുതിച്ചുയരാനൊരുങ്ങുകയാണ്.

ഓഗസ്റ്റ് അവസാനവാരം ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിംഗ് നടത്തുമെന്നു കരുതപ്പെടുന്ന ഇന്ത്യയുടെ അഭിമാനദൗത്യത്തിന്റെ വിക്ഷേപണം നേരിട്ടുകാണാൻ ഇത്തവണ പൊതുജനങ്ങൾക്കും ഇന്ത്യൻ ബഹിരാകാശഗവേഷണസംഘടന (ഐ.എസ്.ആർ.ഒ.) അവസരമൊരുക്കുന്നതാണെന്ന് ചെയർമാൻ എസ്. സോമനാഥ് പ്രഖ്യാപിക്കുകയുണ്ടായി. ശ്രീഹരിക്കോട്ടയിലെ സ്റ്റേഡിയത്തിന്റെ ആകൃതിയിലുള്ള ലോഞ്ച് വ്യൂഗാലറിയിൽ 5000 പേർക്ക് പേടകത്തിന്റെ പറന്നുയരൽ കൺമുന്നിൽ ദർശിച്ച് ചരിത്രമുഹൂർത്തത്തിനു സാക്ഷികളാകാം.

ചാന്ദ്രയാത്രയെന്ന ആശയത്തിന് ഇന്ത്യ ചിറകു നല്കിയിട്ട് ഏതാണ്ട് 23 വർഷമാകുന്നു. 2000 ഓഗസ്റ്റ് 15 ന് പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയ് പ്രഖ്യാപിച്ച ആദ്യദൗത്യം യാഥാർഥ്യമായത് എട്ടു വർഷങ്ങൾക്കുശേഷമാണ്. ഇന്ത്യയുടെ അഭിമാനം വാനോളമുയർത്തി 2008 ഒക്ടോബറിൽ ശ്രീഹരിക്കോട്ടയിൽനിന്ന് പി.എസ്.എൽ.വി. യുടെ നെഞ്ചിലേറി സ്വപ്നസാക്ഷാത്കാരമായി പറന്നുപൊങ്ങിയ ചന്ദ്രയാൻ-1 ന്റെ ഓർബിറ്റർ (ഉപഗ്രഹം)ചന്ദ്രനെ ഭ്രമണം ചെയ്യാൻ തുടങ്ങി. ഓർബിറ്ററിൽനിന്നു വേർപെട്ട് ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയ മൂൺ ഇംപാക്ട് പ്രോബ് എന്ന ഇംപാക്ടർ ചന്ദ്രനിൽ ജലത്തിന്റെ സാന്നിധ്യം ഉറപ്പിക്കുകയും 70,000ത്തോളം ചിത്രങ്ങൾ ലഭ്യമാക്കുകയും ചെയ്തു. 312 ദിവസത്തിൽ 3400 ൽപ്പരം തവണ ചന്ദ്രനെ ചുറ്റി ദൗത്യത്തിന്റെ 90 ശതമാനം പൂർത്തിയാക്കിയശേഷം പേടകത്തിന്റെ സെൻസറുകളിലൊന്നു തകരാറിലായതോടെ ദൗത്യം അവസാനിപ്പിച്ചെങ്കിലും 2009 സെപ്റ്റംബറിൽ ഇന്ത്യയുടെ ചന്ദ്രയാൻവിജയത്തിന് ലോകത്തിന്റെ അംഗീകാരം ലഭിച്ചു. പ്രോബ് ഇടിച്ചിറക്കുന്നതിനു പകരം വിക്രം എന്ന ലാൻഡറും പ്രഗ്യാൻ എന്ന റോവറും സോഫ്റ്റ് ലാൻഡിംഗ് ചെയ്യിക്കുകയായിരുന്നു ചന്ദ്രയാൻ 2 ന്റെ ലക്ഷ്യമെങ്കിലും വിജയഗാഥ ആവർത്തിക്കാനായില്ല. ലാൻഡർ ചന്ദ്രനിൽ ഇടിച്ചിറങ്ങിയപ്പോൾ വിക്രമിനൊപ്പം റോവറും നശിച്ചെങ്കിലും ഓർബിറ്റർ ഉദ്ദേശിച്ച ഭ്രമണപഥത്തിൽ സ്ഥാപിച്ചതിനാൽ ഇപ്പോഴും പ്രവർത്തനക്ഷമമായി ചന്ദ്രനെ വലംവച്ചുകൊണ്ടിരിക്കുന്നു. ഭാഗികമായി പരാജയപ്പെട്ട ചന്ദ്രയാൻ 2 ന്റെ യാത്രാപഥത്തിലൂടെത്തന്നെ സഞ്ചരിച്ച് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പേടകമിറക്കുകയാണ് ഇന്ത്യയുടെ മൂന്നാം ചാന്ദ്രദൗത്യം. രൂപത്തിലും ഘടനയിലും സാമ്യമുണ്ടെങ്കിലും, പരാജയത്തിൽ നിന്നു പാഠമുൾക്കൊണ്ട് വീഴ്ചകൾ പരിഹരിച്ച് സാങ്കേതികമായി ഏറെ മെച്ചപ്പെടുത്തിയതിനാൽ ഇത്തവണ വിജയകരമായി സോഫ്റ്റ്‌ലാൻഡിംഗ് നടത്താനാവുമെന്നാണ് ഐ.എസ്.ആർ.ഒ. യുടെ പ്രതീക്ഷ. മനുഷ്യനെപ്പോലും പല തവണ ചന്ദ്രനിൽ ഇറക്കിയിട്ടുണ്ടെങ്കിലും ദുർബലമായ ഗുരുത്വാകർഷണവും അന്തരീക്ഷമില്ലായ്മയും ചന്ദ്രന്റെ ഉപരിതലത്തിലേക്ക് നിയന്ത്രിതമായി പേടകം ഇറക്കുന്നതിനെ സങ്കീർണവും ശ്രമകരവുമാക്കുന്നു. ലാൻഡിംഗ് ശ്രമം പരാജയപ്പെട്ടാൽ റീലാൻഡിംഗ് നടത്താൻ സൗകര്യമുണ്ടെന്നതാണ് ചന്ദ്രയാൻ മൂന്നിന്റെ പ്രധാന സവിശേഷത.

ചന്ദ്രനിൽ ചുറ്റിക്കറങ്ങി നടന്ന് പര്യവേക്ഷണത്തിനു സഹായിക്കുന്ന റോവർ, റോവറിനെ ചന്ദ്രനിലിറക്കുന്ന ലാൻഡർ, ലാൻഡറിനെ ചാന്ദ്രഭ്രമണപഥത്തിലെത്തിക്കുന്ന പ്രൊപ്പൽഷൻ മൊഡ്യൂൾ എന്നിവയടങ്ങുന്ന പേടകത്തിന്റെ ആകെ ഭാരം 3900 കിലോഗ്രാമാണ്. ഐസ്‌രൂപത്തിൽ ജലനിക്ഷേപമുണ്ടെന്നു തെളിയിക്കപ്പെട്ട ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പകൽ സൂര്യപ്രകാശമുള്ളപ്പോൾ എത്തിച്ചേരുന്ന പേടകം ചന്ദ്രനിലെ ധാതുജലസാന്നിധ്യം, ചാന്ദ്രഭൂവിലെ ചലനങ്ങൾ, അന്തരീക്ഷം എന്നിവയുടെ വിവരങ്ങൾ ശേഖരിക്കാൻ നാസയുടെ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വഹിക്കുന്നു. ഒരു ചാന്ദ്രദിനം അഥവാ നമ്മുടെ 14 ദിവസമാണ് ചന്ദ്രയാൻ 3 ന്റെ ആയുസ്സ്. പ്രവർത്തനം തുടങ്ങിയാൽ റോവറിൽനിന്ന് ലാൻഡറിലേക്കും പിന്നീട് ചന്ദ്രയാൻ 2 ന്റെ ഓർബിറ്റർ വഴി ഇന്ത്യൻ ഡീപ് സ്പേസ് നെറ്റ്‌വർക്കിലേക്കും വിവരങ്ങൾ കൈമാറും.

ചെലവുചുരുക്കലിന്റെ ഭാഗമായി പുതിയൊരു ഓർബിറ്റർ ഇത്തവണ ഇല്ലാത്തതിനാൽ തന്നെ ലോകരാജ്യങ്ങളെ ഞെട്ടിപ്പിക്കുംവിധം വെറും 615 കോടി രൂപ മുതൽമുടക്കിലാണ് ഈ ദൗത്യം സാധ്യമാകുന്നത്. മുൻകാലാനുഭവങ്ങൾ പാഠമാക്കി അതീവസംയമനത്തോടെ ഐ.എസ്.ആർ.ഒ. യുടെ എൽവിഎം 3 എം 4 ശ്രീഹരിക്കോട്ടയിലെ വിക്ഷേപണത്തറയിൽനിന്നു ചന്ദ്രയാൻ 3 നെ വഹിച്ചുകൊണ്ട് കുതിച്ചുയരുമ്പോൾ ഏതൊരു ഇന്ത്യക്കാരനെയുംപോലെ ലോകം മുഴുവൻ ഉറ്റുനോക്കുകയാണ്; ചരിത്രനിമിഷങ്ങൾക്കായി കാത്തിരിക്കുകയാണ്. ■



## മടുപ്പ്

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

മനോഹരമുഹൂർത്തങ്ങൾ സമ്മാനിച്ച ഒരു നല്ലകാലം അയാൾക്കുണ്ടായിരുന്നു. അന്നൊന്നും അവിടെവച്ച് കാലം നിശ്ചലമായെങ്കിൽ എന്നയാൾ പറഞ്ഞില്ല.

തുടരെ സംഭവിക്കുന്ന ചീത്തക്കാര്യങ്ങളാൽ ജീവിതം മടുത്തതുകൊണ്ടാവാം, ഇപ്പോൾ കാലം നിശ്ചലമായെങ്കിൽ എന്നയാൾ പറയുന്നു.

പറയലും പറയാതിരിക്കലും മാറ്റിപ്പറയലും മനുഷ്യസ്വഭാവം.

അയാൾക്കു മാത്രമല്ല മടുപ്പ്. മനുഷ്യരെ എന്നോ മടുത്തിട്ടുണ്ടാവും കാലത്തിന്!

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# വചനത്തിന്റെ ഭാരം വഹിച്ച വന്ദ്യതാതൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സറാ രചിച്ച പുതിയ പുസ്തകം പുറത്തിറങ്ങി. 'അദ്ദേഹം നമുക്കു വളരെയേറെ നല്കി' എന്നർഥം വരുന്ന ശീർഷകമാണ് ഗ്രന്ഥത്തിനു നല്കിയിരിക്കുന്നത്.**

**പുസ്തകപഠനത്തിന്റെ എട്ടാം ഭാഗം**



**ബ**നഡിക്ട് പതിനാറാമൻ മാർപാപ്പാ സ്ഥാനത്യാഗം ചെയ്ത് അഞ്ചു വർഷം കഴിഞ്ഞപ്പോൾ 'മാർപാപ്പാ ആകാൻ ആഗ്രഹിക്കാത്ത ആൾ' എന്ന തലക്കെട്ടോടെ ഒരു ഗ്രന്ഥം 2018 ൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകൃതമായി. കർദിനാൾ സറായുടെ ഗ്രന്ഥങ്ങളുടെ എഡിറ്ററായ നിക്കോളാദിയ (Nicolas Diat) എന്ന ജേർണലിസ്റ്റ് രചിച്ച ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത് കർദിനാൾ റോബർട്ട് സറാതന്നെയാണ്. പ്രസ്തുത അവതാരികയിലാണ് ബനഡിക്ട് പതിനാറാമനെ മഹാനായ പാപ്പാ എന്നു വിശേഷിപ്പിക്കുന്നത്.

എഴുന്നൂറിലധികം താളുകളുള്ള ഈ ഗ്രന്ഥം വായിച്ചു മടക്കിവയ്ക്കുമ്പോൾ തന്റെ മനസ്സ് ദുഃഖത്തിലാഴ്ന്നുപോയെന്നാണ് കർദിനാൾ എഴുതുന്നത്. പെസഹാശനിയാഴ്ച ശ്ലീഹന്മാർക്ക് അനുഭവപ്പെട്ട ശൂന്യതയോടാണ് അദ്ദേഹം തന്റെ മനോവികാരത്തെ ഉപമിക്കുന്നത്.

എന്നാൽ, വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ നോക്കിക്കാണുമ്പോൾ ബനഡിക്ട് പിതാവ് സഭയ്ക്കു നല്കിയ സാക്ഷ്യം സത്യത്തിനു വേണ്ടിയുള്ള രക്തസാക്ഷിത്വമാണെന്നു വ്യക്തമാകുമെന്നാണ് ഈ അവതാരികയിൽ കർദിനാൾ സറാ നിരീക്ഷിക്കുന്നത്.

**വാക്കുകളുടെ ശക്തി**

ബനഡിക്ട് പതിനാറാമന്റെ വാക്കുകൾക്ക് ഹൃദയങ്ങളെ സ്പർശിക്കാനും ആത്മാക്കളെ ഉണർത്താനുമുള്ള ചാലകശക്തി ഉണ്ടായിരുന്നു. നിത്യപുരോഹിതനായ ഈശോമിശിഹായുമായുള്ള നിരന്തരസമ്പർക്കത്തിൽനിന്ന് ഉരുത്തിരിയുന്ന വാക്കുകളാണ് ശ്രേഷ്ഠപുരോഹിതനായ ബനഡിക്ട് പാപ്പാ ഉച്ചരിച്ചിരുന്നത്. ഗലീലിയിലെ തെരുവീഥികളിൽ ഒരുനാൾ ഈശോമിശിഹാ പ്രഘോഷിച്ച സദ്വാർത്തയുടെ പ്രതിധ്വനിയാണ് പാപ്പായുടെ പ്രസംഗങ്ങളിൽ മുഴങ്ങിക്കേട്ടത്.

എവിടെയെല്ലാം ബനഡിക്ട് പതിനാറാമൻ സംസാരിച്ചുവോ അവിടെയെല്ലാം ശ്രോതാക്കളെ മനഃപരിവർത്തനത്തിലേക്കു നയിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ദൈവാനുഭൂതി അനുഭവവേദ്യമാക്കാൻ ആ വാക്കുകൾക്കു ശക്തിയുണ്ടായിരുന്നു. വിശുദ്ധ ആഗസ്തീനോസ് പറഞ്ഞതുപോലെ 'ദൈവസ്നേഹത്തിലേക്കു ദൈവംതന്നെ നമ്മെ നയിക്കുന്നു. കാരണം, പരിശുദ്ധ റൂഹാ ദൈവമാകുന്നു. ദൈവത്താൽ ദൈവത്തെ സ്നേഹിക്കാം.'' (104-ാം സങ്കീർത്തനത്തിന് വ്യാഖ്യാനം).

**വചനം വൈദികന്റെ ജീവിതത്തിൽ**

യുവവൈദികനായ ജോസഫ് റാറ്റ്സിംഗർ, വൈദികന്റെ ജീവിതത്തിൽ വചനത്തിനുള്ള സ്ഥാനത്തെപ്പറ്റി ചെയ്ത മനോഹരമായ ഒരു പ്രഭാഷണം ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുണ്ടെന്ന് കർദിനാൾ സറാ ഓർമിപ്പിക്കുകയും അതിൽനിന്ന് ഈ അവതാരികയിൽ ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്. "വാക്കുകൾക്ക് എന്താണു പ്രാധാന്യം, പ്രവൃത്തികൾക്കല്ലേ പ്രാധാന്യമെന്ന് പലരും ചിന്തിച്ചേക്കാം. എന്നാൽ അല്പമൊന്ന് ആലോചിച്ചാൽ മനസ്സിലാകും, വാക്കുകൾ പ്രവൃത്തികൾക്കാധാരമായി വർത്തിക്കുകയാണെന്ന്. വാക്കുകൾ പ്രവൃത്തികളെ സൃഷ്ടിക്കുന്നു. പറയാൻ പാടില്ലാത്ത ഒരു വാക്കു പറഞ്ഞാൽ ഒരു ജീവിതംതന്നെ നശിക്കാനിടയാകും. ഒരു നല്ല വാക്കിന് ഒരു നിരാശനെ ആത്മഹത്യയിൽനിന്നു രക്ഷിക്കാനാകും.

ദൈവത്തെക്കുറിച്ചുവേണം പുരോഹിതൻ സംസാരിക്കാൻ. ഉപരിപ്ലവവും ഉദ്വേഗജനകവുമായ വാർത്തകൾക്കുപിന്നാലെ പോകുന്ന ലോകത്തിൽ ഒരു വൈദികന് മിശിഹായുടെ സദ്വാർത്ത പ്രഘോഷിക്കുക എളുപ്പമല്ല. ആർക്കും വേണ്ടെങ്കിലും, ഭ്രാന്തനെന്നു മുദ്രകുത്തിയാൽപോലും അവൻ ദൈവവചനം പ്രസംഗിക്കണം. വചനത്തിന്റെ ഭാരം വഹിക്കണം. ആത്യന്തികമായി അങ്ങനെയാണ് ദൈവജനത്തെ ശുശ്രൂഷിക്കുന്നത്. അല്ലാതെ, ജനത്തിനു കേൾക്കാനിമ്പമുള്ള പൊതുകാര്യങ്ങൾ പ്രതിപാദിച്ചാൽ പോരാ."

ഒരു നവവൈദികന്റെ പുത്തൻകുർബാനയ്ക്ക് ഫാദർ ജോസഫ് റാറ്റ്സിംഗർ ഇപ്രകാരമാണ് സംസാരിച്ചത്.

ഈ പ്രസംഗത്തിൽ ഭാവി ബനഡിക്ട പതിനാറാമന്റെ അജപാലനസവിശേഷതകൾ കണ്ടെത്താമെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നു.

വചനപ്രഘോഷണത്തിലൂടെ ശ്രോതാക്കൾ ഉത്ഥിതനെ കണ്ടെത്തണം. വചനപ്രഘോഷണത്തോടൊപ്പം കൂദാശകളിലൂടെയും ആരാധനയിലൂടെയുമാണ് ഉത്ഥിതനെ കണ്ടെത്തുന്നത്.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ ബനഡിക്ട് പാപ്പായുടെ ലിറ്റർജിയാഘോഷങ്ങൾ ഈ അനുഭവത്തിലേക്കു നയിക്കാൻ പര്യാപ്തമായിരുന്നു. ആരാധനാനുഷ്ഠാനങ്ങളിൽനിന്ന് അകന്നു കഴിഞ്ഞിരുന്ന ഒരാൾ ബനഡിക്ട് പിതാവ് അർപ്പിച്ച ഒരു വിശുദ്ധ കുർബാനയിൽ പങ്കെടുത്തശേഷം 'ഇതാ ഇവിടെ സഭ' എന്നു വിളിച്ചുപറയുകയും സജീവവിശ്വാസിയായി മാറുകയും ചെയ്ത സംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. തിന്മയെ സ്നേഹംകൊണ്ടു കീഴടക്കുന്ന ദൈവത്തെയാണ് ഓരോ വിശുദ്ധകുർബാനയാചരണത്തിലും ബനഡിക്ട് പിതാവ് ദർശിച്ചിരുന്നത്. അപ്രകാരം ചെയ്യാൻ എല്ലാവരെയും അദ്ദേഹം ഉപദേശിക്കുകയും ചെയ്തിരുന്നു.

**ബലഹീനതയിലെ ശക്തി**

ബാഹ്യനിരീക്ഷകർക്ക് ബനഡിക്ട്പിതാവ് ബലഹീനനും ദുർബലനുമായിരുന്നു. വളരെയധികം വേദന സഹിക്കേണ്ടിയും വന്നു. അപ്പോഴും അദ്ദേഹം പറഞ്ഞു: "ആടുകളെപ്പോലെ ആയിരുന്നാൽ നാം വിജയിക്കും. ചെന്നായ്ക്കളാൽ ചുറ്റപ്പെട്ടിരിക്കുമ്പോഴും നാം വിജയിക്കുമെന്ന് വി. ജോൺ ക്രിസോസ്റ്റോം പറഞ്ഞിട്ടുണ്ട്. നമ്മളും ചെന്നായ്ക്കളായാൽ നമ്മൾ പരാജയപ്പെടും. കാരണം, നല്ല ഇടയനായ ഈശോയുടെ സഹായം അപ്പോൾ നഷ്ടമാകും. ക്രിസ്ത്യാനികൾ ചെന്നായ്ക്കളുടെ ഇടയിൽ ചെന്നായ്ക്കളാകാനുള്ള പ്രലോഭനത്തിൽ ഒരിക്കലും വീഴരുത്. അധികാരമോ ശക്തിയോവഴിയല്ല മിശിഹായുടെ സമാധാനത്തിന്റെ രാജ്യം വ്യാപിക്കുന്നത്. സ്വയംദാനവും ശത്രുക്കളോടുൾപ്പെടെ അവസാനംവരെ എത്തുന്ന സ്നേഹവും സമർപ്പണവും വഴി മാത്രമേ ദൈവരാജ്യം സ്ഥാപിക്കപ്പെടുകയുള്ളൂ." (2014 ഒക്ടോബർ 26 ലെ പ്രഭാഷണം) ഇവിടെ തന്റെതന്നെ അനുഭവമാണ് പാപ്പാ പങ്കുവച്ചതെന്ന് കർദിനാൾ സറാ പറയുന്നു.

ബനഡിക്ട്പിതാവ് തന്റെ ജീവിതം സഭയ്ക്കുവേണ്ടി ബലിയായി അർപ്പിക്കുകയായിരുന്നു. നിക്കോളാദിയായുടെ പുസ്തകത്തിൽ ബനഡിക്ട്പിതാവ് അനുഭവിക്കേണ്ടിവന്ന തിക്താനുഭവങ്ങളും ശത്രുതയുമെല്ലാം വിവരിക്കുന്നുണ്ട്. കർദിനാൾ സറാ പറയുന്നു: "ഈ വിവരണത്തിലെ കഥാപാത്രങ്ങളെല്ലാം വിസ്മൃതിയിൽ ആണ്ടുപോകും, എന്നാൽ, ബനഡിക്ട് പതിനാറാമന്റെ ജീവിതമാതൃക അനേകർക്കു പ്രകാശം പകർന്നുനല്കിക്കൊണ്ട് നിലനില്ക്കും." ■




11-ാം പേജ് തുടർച്ച

സ്റ്റോറിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന പഴക്കുലയിൽ കുറെ ചെറുപഴമെടുത്ത് തൊലി ഉരിഞ്ഞ് തേനിൽ മുക്കി എണ്ണയിൽ പൊരിച്ചെടുക്കാൻ നിർദേശം നല്കി. നാത്തൂൻമാരുടെ പിള്ളേരൊക്കെ ഉള്ളതല്ലേ. ഒരു സ്പെഷ്യൽ വിഭവം കൂടി ഇരിക്കട്ടെ.

പുതിയ വിഭവം നാത്തൂന്മാർക്കും അവരുടെ കെട്ടിയവന്മാർക്കും ഇഷ്ടപ്പെട്ടു. പിള്ളേരുടെ കാര്യം പറയാനുമില്ല. എല്ലാവരും താണ്ടമ്മയെ അഭിനന്ദിച്ചു. വല്യപ്പച്ചൻ രണ്ടെണ്ണം കൂടുതൽ തിന്നു. ഇത്തരമൊരു പഴംപൊരി ആദ്യമായാണ് കാരണവർ തിന്നുന്നത്. ആണ്ടമ്മ മാത്രം മൗനം പാലിച്ചു.

കാപ്പികുടി കഴിഞ്ഞ് താണ്ടമ്മ വല്യപ്പച്ചന്റെ മുറിയിലേക്കു ചെന്നു.

"വല്യപ്പച്ചാ! എപ്പഴും ങ്ങനെ കെടപ്പും ഇരിപ്പുംമാത്രം പോരാ. വല്യപ്പച്ചൻ അല്പം നടക്കണം. എണീക്ക്. ഞാൻ കൈയേൽ പിടിക്കാം." താണ്ടമ്മയും വല്യപ്പച്ചന്റെ സഹായി തൊമ്മിയും ചേർന്ന് വല്യപ്പച്ചനെ കസേരയിൽനിന്നു താങ്ങി എണീൽപ്പിച്ചു. തൊമ്മി വെള്ളി കെട്ടിയ ചൂരൽ വടി എടുത്തു കൊടുത്തു.

താണ്ടമ്മ ഇടതുകൈയിൽ പിടിച്ചു. എത്ര ശ്രമിച്ചിട്ടും മുന്നോട്ടു നീങ്ങാനാവുന്നില്ല.

താണ്ടമ്മ പറഞ്ഞു:

''വല്യപ്പച്ചാ വടിയിവിടെ വയ്ക്ക്. ഞങ്ങടെ തോളില് കൈയിട്ടോളൂ. തൊമ്മിയുടെയും താണ്ടമ്മയുടെയും തോളിൽ കൈയിട്ട് ഏതാനും അടി നടന്ന് അറയുടെ മുന്നിലെ വരാന്തയിലെത്തി. നീണ്ട വരാന്തയിൽ കുറേ ദൂരം രണ്ടുചാൽ നടത്തി. അപ്പോഴേക്കും അവിരാത്തരകന് ക്ഷീണമായി. "ഇന്നിനി ഇത്രേം മതി. നേരേ മുറിലോട്ടു പോകാം."

താണ്ടമ്മ പറഞ്ഞു.

അവർ തിരികെനടക്കുമ്പോഴേക്കും ആണ്ടമ്മ നേരേ മുന്നിൽ.

"ഇതെന്താ മോളേ! അപ്പച്ചനു നടക്കാമ്പറ്റുവോ? ഒരോ പാഴ്വേലകള്. അപ്പച്ചൻ മുറിക്കു പുറത്തിറങ്ങീട്ട് നാലഞ്ചു വർഷമായി."

"ഒക്കെ ശരിയാകും അമ്മച്ചി.'

ആണ്ടമ്മ എന്തോ പിറുപിറുത്തുകൊണ്ട് മുറ്റത്തേക്കിറങ്ങി.

മുറിയിലെത്തിയ പാടേ അവിരാ തരകൻ പറഞ്ഞു:

"ഒന്നു കെടക്കണം. വല്ലാത്ത ക്ഷീണം." താണ്ടമ്മയും തൊമ്മിയും താങ്ങിപ്പിടിച്ച് വല്യപ്പച്ചനെ കട്ടിലിന്റെ അരികിലിരുത്തി. സാവകാശം ബെഡ്ഡിൽ കിടത്തി. അവിരാ തരകന് ആശ്വാസമായി. അദ്ദേഹത്തിൽനിന്ന് ഒരു ദീർഘനിശ്വാസമുതിർന്നു.

(തുടരും)

# കത്തോലിക്കാസഭയുടെ കർദിനാൾസംഘത്തിലേക്ക് ഇനി മലേഷ്യൻ മലയാളി കുടുംബാംഗവും

■ ടോണി ചിറ്റിലപ്പിള്ളി

ഫ്രാൻസിസ് മാർപാപ്പാ സെപ്റ്റംബർ 30-ന് കർദിനാൾമാരായി ഉയർത്തുന്ന 21 പേരിൽ കേരളത്തിലെ തൃശൂരിൽ വേരുകളുള്ള മലേഷ്യൻ ബിഷപ്പുമുണ്ട് - മലേഷ്യയിലെ പെനാങ് രൂപതാധ്യക്ഷനായ ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസ് മേച്ചേരി. വത്തിക്കാനിൽ സെപ്റ്റംബർ 30നു നടക്കുന്ന ചടങ്ങിൽ ഫ്രാൻസിസ് മാർപാപ്പാ പുതിയ കർദിനാൾമാരെ വാഴിക്കും. തൃശൂർ അതിരൂപതയ്ക്ക് അഭിമാനിക്കാവുന്ന നേട്ടമാണ് തൃശൂരിന്റെ പൗത്രനായ ബിഷപ് ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസ് മേച്ചേരിയുടെ കർദിനാൾ സ്ഥാനലബ്ധി.

എഴുപത്തൊന്നുകാരനായ ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസിന് മാർപാപ്പായെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവിലും അംഗത്വം ലഭിക്കും. എൺപതു വയസ്സിൽ താഴെയുള്ള കർദിനാൾമാർക്കാണ് കോൺക്ലേവിൽ പങ്കെടുക്കാൻ അർഹതയുള്ളത്. പങ്കെടുക്കുന്ന എല്ലാവർക്കും സാങ്കേതികമായി മാർപാപ്പായായി തിരഞ്ഞെടുക്കപ്പെടാനും യോഗ്യതയുണ്ട്. 2012 ൽ പെനാങ് രൂപതാധ്യക്ഷനായി നിയോഗിക്കപ്പെട്ട ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസ്, 2019 മുതൽ മലേഷ്യ, സിംഗപ്പൂർ, ബ്രൂണെയ് എന്നിവയുൾപ്പെട്ട കത്തോലിക്കാ ബിഷപ്സ് കോൺഫെറൻസിന്റെ പ്രസിഡന്റുകൂടിയാണ്.



നിയുക്ത കർദിനാൾ ബിഷപ് ഡോ. സെബാസ്റ്റ്യൻ ഫ്രാൻസീസ്

**കുടുംബവേരുകൾ ഒല്ലൂരിൽ**

1890 കളിൽ തൃശൂരിലെ ഒല്ലൂരിൽനിന്ന് മലേഷ്യയിലേക്ക് (അന്നത്തെ മലയ) കുടിയേറിതാണ് ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസീസിന്റെ പൂർവികർ. പൗരാണികമായ ഒല്ലൂർ മേച്ചേരി കുടുംബാംഗങ്ങളായിരുന്നു ഇവർ. ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസിന്റെ പിതാവ് ജോസഫ് ഫ്രാൻസിസ് മേച്ചേരി വിവാഹം കഴിച്ചതും തൃശൂർ കൊള്ളന്നൂർ കുടുംബാംഗമായ മേരിയെയാണ്. മേരിയും ജനിച്ചുവളർന്നത് മലേഷ്യയിൽത്തന്നെ. അദ്ദേഹത്തിന് അഞ്ചു സഹോദരന്മാരും നാലു സഹോദരിമാരുമുണ്ട്, എല്ലാവരും മലേഷ്യൻ പൗരന്മാരാണ്. ഒല്ലൂർ പള്ളി ബസ്സ്റ്റോപ്പിനടുത്തായിരുന്നു നിയുക്ത കർദിനാൾ റവ. ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസ് മേച്ചേരിയുടെ പൂർവഭവനം. ഇന്ന് ഈ തറവാട് അവിടെയില്ല. എന്നാൽ, മേച്ചേരി കുടുംബം വളർന്ന് പല ഭാഗങ്ങളിലേക്കും വ്യാപിച്ചു. തൃശൂരിൽനിന്ന് ഒരു ബിഷപ് കർദിനാൾ ആകുന്നത് ആദ്യമായാണ്.

**കുടുംബവേരുകൾ തേടി**

ഒല്ലൂരിലെ കുരിയച്ചിറയിലുള്ള കുടുംബവേരുകൾ തേടി ആറു വർഷം മുമ്പ് ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസ് തൃശൂരിലെത്തിയിരുന്നു. പിന്നീട്, കഴിഞ്ഞ വർഷം സെന്റ് തോമസിന്റെ ഭാരതപ്രവേശനത്തിന്റെ ജൂബിലിസമാപനത്തിന് പാലയൂരിലെ മഹാതീർഥാടനവേദിയിലുമെത്തിയിരുന്നു. 2017 ലാണ് ബിഷപ് മേച്ചേരി തന്റെ ആദ്യ ഇന്ത്യാസന്ദർശനം നടത്തിയത്. നവംബർ 28 മുതൽ ഡിസംബർ 4 വരെ ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫെറൻസുകളുടെ പതിനൊന്നാമത് പ്ലീനറി അസംബ്ലി വേളയിലാണ് അദ്ദേഹത്തിന്റെ ഇന്ത്യൻ വേരുകളോടുള്ള താത്പര്യം വീണ്ടും ജനിച്ചത്.

അവിടെ അദ്ദേഹം തൃശൂർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉൾപ്പെടെ നിരവധി ഇന്ത്യൻ സഭാധ്യക്ഷന്മാരെയും പ്രതിനിധികളെയും കണ്ടു. ബിഷപ് മേച്ചേരിയുടെ കുടുംബവേരുകൾ മനസ്സിലാക്കിയ മാർ ആൻഡ്രൂസ് താഴത്ത് അദ്ദേഹത്തെ കേരളം സന്ദർശിക്കാൻ ക്ഷണിക്കുകയായിരുന്നു.

തൃശൂർ അതിരൂപത ലൂർദ് കത്തീഡ്രലിൽ 2017 ജൂൺ 18 ന് ഗംഭീരസ്വീകരണം സംഘടിപ്പിച്ചു. ആർച്ചുബിഷപ് താഴത്തിനു പുറമേ, അന്നത്തെ സഹായ മെത്രാൻ മാർ റാഫേൽ തട്ടിലും നിരവധി വൈദികരും വിശ്വാസികളും ചേർന്ന് മലേഷ്യൻ മെത്രാപ്പോലീത്തയെ സ്വീകരിച്ചു. തനിക്ക് ഓർമിക്കാൻ കഴിയുന്ന മലയാളത്തിൽ, അദ്ദേഹം എല്ലാവരുടെയും സ്വാഗതത്തിനും സ്നേഹത്തിനും നന്ദി പറഞ്ഞു.

മലേഷ്യൻഭക്ഷണമാണ് മെനുവിൽ ഉണ്ടായിരുന്നതെങ്കിലും, കൈകൊണ്ടു കഴിക്കുന്ന കേരളഭക്ഷണമാണ് തനിക്കിഷ്ടമെന്നു പറഞ്ഞ് അദ്ദേഹം അതിഥികളെ അമ്പരപ്പിച്ചു. അമ്മ കേരളീയവിഭവങ്ങൾ പാകം ചെയ്തതിന്റെ നല്ല ഓർമകൾ അദ്ദേഹം പങ്കുവച്ചു. അദ്ദേഹത്തിന്റെ പിതാവ് 'കേര' (തേങ്ങ) എന്ന പേരിൽ ഒരു ഇന്ത്യൻ റസ്റ്റോറന്റ് നടത്തിയിരുന്നു. മലേഷ്യൻ തലസ്ഥാനമായ ക്വാലാലംപൂരിൽ, ബിഷപ്പിന്റെ സഹോദരൻ ഇപ്പോൾ അതേ പേരിൽ ഒരു റെസ്റ്റോറന്റ് കൈകാര്യം ചെയ്യുന്നു.

**ജീവിതരേഖ**

1951 നവംബർ 11ന് അന്നത്തെ ഫെഡറേഷൻ ഓഫ് മലയയുടെ ഭാഗമായിരുന്ന ജോഹോർ ബഹ്റുവിലാണ് ബിഷപ് മേച്ചേരി ജനിച്ചത്. 1967-ൽ സിംഗപ്പൂരിലെ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം മൂന്നു വർഷത്തിനുശേഷം പെനാംഗിലെ പ്രധാന സെമിനാരിയായ കോളേജ് ജനറലിൽ ചേർന്ന് ദൈവശാസ്ത്രം പഠിച്ചു. 26-ാം വയസ്സിൽ, 1977 ജൂലൈ 28-ന് മലാക്ക-ജോഹോർ രൂപതയുടെ വൈദികനായി അഭിഷിക്തനായി.

1983-ൽ റോമിലെ സെന്റ് തോമസ് അക്വീനാസ് സർവകലാശാലയിൽനിന്ന് ഡോഗ്മാറ്റിക് തിയോളജിയിൽ ലൈസൻഷിയേറ്റ് നേടി. ന്യൂയോർക്കിലെ മേരിനോൾ സ്കൂൾ ഓഫ് തിയോളജിയിൽ പഠിച്ച അദ്ദേഹം 1991 ൽ നീതിയിലും സമാധാനത്തിലും ബിരുദം നേടി. 1991 മുതൽ 1998 വരെ കോളജ് ജനറലിൽ ആത്മീയ ഡയറക്ടറായും ഫോർമേറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2012 ജൂലൈ 7 ന് പോപ്പ് ബെനഡിക്ട് പതിനാറാമൻ അദ്ദേഹത്തെ പെനാങ്ങിന്റെ ബിഷപ്പായി നിയമിച്ചു. 2012 ഓഗസ്റ്റ് 21 ന് ബുക്കിറ്റ് മെർട്ടജാമിലെ സെന്റ് ആൻസ് പള്ളിയിൽവച്ചാണ് മെത്രാഭിഷേകം നടന്നത്. ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫെറൻസിനു കീഴിലുള്ള സോഷ്യൽ കമ്മ്യൂണിക്കേഷൻ ഓഫീസിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ■

## നെൽക്കതിർ

കഥ

ജിജോ ജോസഫ്

അവളെ കർഷകൻ വലിച്ചെറിഞ്ഞതാണ്... മലയോരത്തെ മലവെള്ളപ്പാച്ചിലിൽ... കാളിയമ്മയുടെ മക്കളുടെ ചത്തുമലച്ച ശവശരീരങ്ങൾക്കൊപ്പം അവളും ഒഴുകിനടന്നു. നാശം... കർഷകൻ പതിരിനൊപ്പം പുറംകാലുകൊണ്ട് തൂത്തെറിഞ്ഞു... ഉമ്മറത്തുനിന്നും. ആ കാലവർഷപ്പെയ്ത്തിൽ കാളിയമ്മയുടെ കണ്ണീരിനൊപ്പം അവളും പെയ്തിറങ്ങി. ഹൃദയം ഉടയ്ക്കുന്ന ഇടിനാദത്തിനൊപ്പം അവളുടെ ഹൃദയതംബുരുവിന്റെയും...

താളം തെറ്റിയ ദിനങ്ങൾ. കത്തിക്കാമായിരുന്നു... പതിരുകൾ ഒപ്പം തന്നെയും. ചുടലപ്പറമ്പിൽ ചടുലതാളം ആടിയ അഗ്നിക്കൊപ്പം അവൾ പുലമ്പി. തുട തകർന്നു ചത്ത ദുര്യോധനശവംപോലെ അവയുടെ മേലാപ്പിൽ പറ്റിപ്പിടിച്ച് അവൾ ഒഴുകി. വിടരണമായിരുന്നു... പൂക്കണമായിരുന്നു... പൂത്തുലഞ്ഞ സ്വർണവർണമുള്ള മക്കളെ പ്രസവിക്കണം. വല്ലാത്ത ആഗ്രഹമായിരുന്നു അവൾക്ക്. ഇടയ്ക്കു പൊങ്ങിയും മുങ്ങിയും മലവെള്ളപ്പാച്ചിലിൽ മരിക്കണം... ഇല്ല... പൂക്കണം. എങ്ങനെ...? ചോദ്യങ്ങൾ അപ്പോഴും ഉത്തരംകിട്ടാതെ കാളിയമ്മയുടെ മക്കൾക്കൊപ്പം ഒഴുകിനടന്നു. സംസ്കരിക്കണം... ഉയിർക്കണം... മരിക്കുവാൻ അനുവദിച്ചില്ല.

പുഴ രണ്ടായി പാറക്കെട്ടിലിടിച്ചു മരിക്കുന്നു. മരണം... വിടവുകളിൽ ഒന്നിൽ പറ്റിപ്പിടിച്ച് കാലം നിക്ഷേപിച്ച എക്കൽ... വേരുകളാഴ്ത്തി. പാറക്കെട്ടിന്റെ സുരക്ഷയിൽ പൂത്തുലഞ്ഞു. കൂട്ടുകാർ... ശലഭങ്ങൾ... വണ്ടത്താൻ... ഒരു നാൾ സ്വർണവർണത്തിൽ. ഒന്നല്ല എണ്ണിയാൽ ഒടുങ്ങാത്തവ. തലയുയർത്തി അഭിമാനത്തോടെ... കാലവർഷത്തിൽ നില തകർന്ന കോരന്റെ വാതിൽപ്പടിയിലെ കുറിപ്പ് എവിടെനിന്നോ ഒഴുകി അവളുടെ ചുവട്ടിൽ അടിഞ്ഞു. "പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായിത്തീർന്നു!

വായിച്ചു ഗർവോടെ...




ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വാങ്ങി വച്ചാലോ, വായിച്ചു പോകുന്ന പുസ്തകം !! വായിച്ചിട്ടുണ്ടെങ്കിലോ, വീണ്ടും വീണ്ടും മറിച്ചു നോക്കേണ്ടിവരുന്ന പുസ്തകം !!!

ബൈബിളിലെ നാലു സുവിശേഷങ്ങളിൽ, ഏതു ഭാഗവും, എളുപ്പം ഹൃദിസ്ഥമാക്കുവാൻ ഏതൊക്കെ സുവിശേഷകർ എന്തൊക്കെ പറഞ്ഞിരിക്കുന്നു എന്ന് താരതമ്യപ്പെടുത്തി മനസ്സിലാക്കുവാൻ Index ലൂടെത്തന്നെ വ്യക്തമാകുന്ന പുതുമയേറിയ പുസ്തകം.



JESUS - IN FOUR GOSPELS OF BIBLE
യേശു-ബൈബിളിലെ നാല് സുവിശേഷങ്ങളിൽ

Compiled by
CA P. V. CHACKO
( Mob : 99610 00033 )

പുസ്തകത്തിനായുള്ള
Mob : 9961 26 3331

E-mail : jesusin4gospels@gmail.com
Palackal Court, M.G. Road,
Metro Pillar No. 678, Kochi-682035

Rs: 150/-



## അഡ്മിഷൻ ആരംഭിച്ചു

പാലാ: എസ്. എച്ച്. പ്രീ പ്രൈമറി ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2023-25 രണ്ടുവർഷക്കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. +2, 45 ശതമാനത്തിൽക്കൂടുതൽ മാർക്കുള്ള പെൺകുട്ടികൾക്കാണു പ്രവേശനം. താത്പര്യമുള്ളവർ പാലാ-പൊൻകുന്നം റോഡിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 8590934227, 9961424971

Deepanalam Weekly

RNI No : 16998/68
Vol. 56 No. 20 Date of Publication 13 July 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# ANGEL GERMAN LANGUAGE INSTITUTE
# KADANAD - PALA



Herr Holger Schlumpp
പ്രധാനാധ്യാപകൻ



Frau Elisabeth Brauner
ഓൺലൈൻ ടീച്ചർ

**ജർമ്മനിയിൽ വിവിധ കോഴ്സുകൾ പഠിക്കാൻ സുവർണ്ണാവസരം!**

B2 എഴുതി പരാജയപ്പെട്ടോ? നിരാശപ്പെടേണ്ട! B2 പഠിക്കാൻ ഏറ്റവും നല്ല ജർമ്മൻ ഭാഷാ സെന്റർ അന്വേഷിക്കുന്നവരാണോ നിങ്ങൾ? അതിന്റെ കൂടെ ജർമ്മൻസംസ്കാരവും ആതിഥ്യമര്യാദകളും ജീവിതരീതികളും കൂടി പഠിക്കാൻ അവസരം കിട്ടിയാലോ? അതും ഒറിജിനൽ ജർമ്മൻ അധ്യാപകർ പഠിപ്പിക്കുകകൂടി ചെയ്താലോ?



ജർമ്മനിയിൽ അനേകവർഷത്തെ ജീവിത പരിചയമുള്ള MST വൈദികരാൽ നയിക്കപ്പെടുന്ന ഈ ഇന്റൻസീവ് കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബുക്കിംഗിനും മറ്റു വിവരങ്ങൾക്കുമായി താഴെക്കൊടുത്തിരിക്കുന്ന നമ്പരിൽ ബന്ധപ്പെടുക.

ആദ്യബാച്ചിന്റെ കോഴ്സ് ഓഗസ്റ്റ് 1 ന് ആരംഭിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.

Mob: 8301994826

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ.**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

**2023 – 24 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്
7. കംപ്യൂട്ടർ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

YOUR PERFECT RIDING PARTNER

# DJ CYCLES

പാലാ – പൊൻകുന്നം റോഡ്
മുരിക്കുംപുഴ – പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org